**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** — **08-10-2024 - ൽ മറുപടിയ്ക്ക്**

**ഉണ്ണിക്കുളം ഗവൺമെന്റ് യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ച ഉണ്ണിക്കുളം ഗവൺമെന്റ് യു.പി. സ്കൂളിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഒരു കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപെടുത്തിയ ഉണ്ണിക്കുളം ജി യു പി സ്കൂളിന് 28.10.2020 ലെ ഉത്തരവ് നം GED003-16/PE-3-PAD/ 2020/ KIIFB പ്രകാരം 99,75,156/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതി 30/06/2021ന് 95,58,861.27/- രൂപയ്ക്ക് കരാർ നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ടി സ്കൂളിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി 1,09,53,037/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസിയായ KILA കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി സ്കൂൾ പദ്ധതിയ്ക്ക് 1,05,09,539.36/- രൂപ വരെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിനു കിഫ്ബി ഫണ്ട് അനുവദിക്കുന്നതിനും ഇതിനു പുറമേ ആവശ്യമായ തുക എം.എൽ.എ ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ കണ്ടെത്തണമെന്നും തത്വത്തിൽ അംഗീകാരം നൽകുന്നതായി പദ്ധതി നിർവ്വഹണ ഏജൻസിയെ 29.09.2024 കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിൽ എന്താണ് തടസ്സം എന്നറിയിക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ Structural & Plastering വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഫിനിഷിങ് വർക്കുകളും എസ്റ്റിമേറ്റ് വർക്കുകളും ഇനി പൂർത്തിയാക്കാനുണ്ട്. ടി സ്കൂളിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി 1,09,53,037/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി സ്കൂൾ പദ്ധതിയ്ക്ക് 1,05,09,539.36/- രൂപ വരെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിനു കിഫ്ബി ഫണ്ട് അനുവദിക്കുന്നതിനും ഇതിനു പുറമേ ആവശ്യമായ തുക എം.എൽ.എ ഫണ്ടിൽ നിന്നോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ കണ്ടെത്തണമെന്നും തത്വത്തിൽ അംഗീകാരം |

| | | | |
|---|---|---|---|
| | | | നൽകുന്നതായി പദ്ധതി നിർവ്വഹണ ഏജൻസിയെ 29.09.2024 കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ